(ബി) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി 704 ജന്മിമാർക്ക് മുഴുവൻ ഭൂമിയും നഷ്ടപ്പെട്ടു;

(സി) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപ്രതിഫലം കൂടാതെ പ്രതിമാസം 500 രൂപ വീതം പെൻഷൻ നൽകിവരുന്നുണ്ട്.

ഇടുക്കി ജില്ലയിലെ വികസന പദ്ധതികൾ

163 [2601] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽനിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസനപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാം; ഇപ്പോൾ നടന്നുവരുന്നവ ഏതെല്ലാം; ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ ഇനത്തിനും ചെലവഴിച്ച തുക വ്യക്തമാക്കാമോ;

(ഡി) ആയതിലേക്കുള്ള സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പ് നേരിട്ടു നടത്തുന്ന വികസനപദ്ധതികൾ ഒന്നും നിലവിലില്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

വാഗമൺ മേഖലയിൽ വ്യാജപട്ടയം

164 [2602] *ശ്രീ. സി. പി. മുഹമ്മദ്:*
„ *ബി. വിജയകുമാർ:*
„ *പി. ടി. തോമസ്:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിൽ വ്യാജപട്ടയം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യാജപട്ടയത്തിന്റെ അടിസ്ഥാനത്തിൽ കൈവശം വച്ചിട്ടുള്ള ഭൂമിയുടെ അളവ് എത്രയാണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly